# 1872-ലെ ജർമ്മൻ പതിപ്പിനുള്ള മുഖവുര

തൊഴിലാളികളുടെ ഒരു സാർവ്വദേശീയസംഘടനയായ കമ്മ്യൂണിസ്റ്റ് ലീഗ്—അന്നത്തെ സാഹചര്യങ്ങളിൽ അതു് നിശ്ചയമായും ഒരു രഹസ്യസംഘടനയാവാനേ വഴിയുണ്ടായിരുന്നുള്ളൂ—പ്രസ്തുതപാർട്ടിയുടെ താത്വികവും പ്രായോഗികവുമായ ഒരു വിശദപരിപാടി പ്രസിദ്ധീകരണാർത്ഥം തയ്യാറാക്കുന്നതിനു് 1847 നവമ്പറിൽ ലണ്ടനിൽ ചേർന്ന കോൺഗ്രസ്സിൽവച്ചു് ഈ മുഖവുര എഴുതിയവരെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ മാനിഫെസ്റ്റോയുടെ ഉത്ഭവം അവിടെനിന്നാണു്. ഫെബ്രുവരി വിപ്ലവത്തിനു്[1] ഏതാനുമാഴ്ചകൾക്കു മുമ്പു് അതിന്റെ കയ്യെഴുത്തുപ്രതി മുദ്രണത്തിനായി ലണ്ടനിലെത്തിച്ചേർന്നു. ആദ്യത്തെ പതിപ്പു് ജർമ്മൻ ഭാഷയിലായിരുന്നു. അതിനുശേഷം ജർമ്മനിയിലും ഇംഗ്ലണ്ടിലും അമേരിക്കയിലുമായി ആ ഭാഷയിൽത്തന്നെ കുറഞ്ഞതു് പന്ത്രണ്ടു വിവിധപതിപ്പുകൾ പുറത്തിറങ്ങിയിട്ടുണ്ടു്. 1850—ൽ മിസ്സ് ഹെലൻ മാക് ഫർലെയിൽ അതു് ആദ്യമായി ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുകയും ലണ്ടനിലെ 'റെഡ് റിപ്പബ്ലിക്ക'നിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പിന്നീടു് 1871—ൽ അമേരിക്കയിൽ അതിനു കുറഞ്ഞതു് മൂന്നു വിവർത്തനങ്ങളുണ്ടായി. 1848—ലെ ജൂൺകലാപ[2]ത്തിനു് അല്പംമുമ്പു് പാരീസിലും ഈയിടെയായി ന്യൂയോർക്കിലെ 'ലെ സോസ്യലിസ്റ്റി'ലും അതിന്റെ ഫ്രഞ്ചുപരിഭാഷകൾ പ്രത്യക്ഷപ്പെട്ടു. ഒരു പുതിയ വിവർത്തനം തയ്യാറാക്കപ്പെട്ടുകൊണ്ടിരിക്കുകയാണു്. ജർമ്മൻ ഭാഷയിലുള്ള ആദ്യത്തെ പതിപ്പിനെത്തുടർന്നു് ലണ്ടനിൽ ഒരു പോളിഷ് വിവർത്തനവും അറുപതുകളിൽ ജനീവയിൽ ഒരു റഷ്യൻ വിവർത്തനവും പുറത്തിറങ്ങി. കൂടാതെ ആദ്യം പുറത്തുവന്ന ഉടൻതന്നെ ഡാനിഷ്ഭാഷയിലേക്കും അതു വിവർത്തനം ചെയ്യപ്പെട്ടിരുന്നു.

കഴിഞ്ഞ കാൽനൂററാണ്ടിനിടയിൽ സ്ഥിതിഗതികൾക്കെത്രതന്നെ മാററം വന്നിട്ടുണ്ടെങ്കിലും ഈ മാനിഫെസ്റ്റോയിൽ ആവിഷ്കരി

ച്ചിട്ടുള്ള പൊതുതത്വങ്ങൾ മൊത്തത്തിൽ അന്നത്തെപ്പോലെതന്നെ ഇന്നും ശരിയാണ്. വിശദാംശങ്ങളിൽ അങ്ങുമിങ്ങും ചില ഭേദഗതികൾ വരുത്താമായിരിക്കാം. മാനിഫെസ്റ്റോയിൽത്തന്നെ പ്രസ്താവിച്ചിട്ടുള്ളതുപോലെ, എവിടെയും എപ്പോഴും ഈ തത്വങ്ങൾ പ്രയോഗത്തിൽ വരുത്തുന്ന കാര്യം അതാതു സമയത്തു്. നിലവിലുള്ള ചരിത്രപരമായ സ്ഥിതിഗതികളെ ആശ്രയിച്ചാണിരിക്കുക. അതുകൊണ്ടാണ് രണ്ടാം ഭാഗത്തിന്റെ അവസാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള വിപ്ലവനടപടികളുടെ മാര്യത്തിൽ പ്രത്യേകം ഊന്നൽ കൊടുക്കാതിരുന്നിട്ടുള്ളതു്. ഇന്നായിരുന്നുവെങ്കിൽ ആ ഭാഗം പല പ്രകാരത്തിലും വ്യത്യസ്തരീതിയിലാവും എഴുതുക. കഴിഞ്ഞ കാൽനൂററാണ്ടിനിടയിൽ ആധുനികവ്യവസായത്തിലുണ്ടായിട്ടുള്ള വമ്പിച്ച പുരോഗതി, അതിനെത്തുടർന്നു് തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിസംഘടനസ്ഥ കൈവന്നിട്ടുള്ള അഭിവൃദ്ധിയും വികാസവും, ആദ്യം ഫെബ്രുവരിവിപ്ലവത്തിൽനിന്നും, പിന്നീടു്, അതിലുമുപരിയായി, തൊഴിലാളിവർഗ്ഗത്തിനു ചരിത്രത്തിലാദ്യമായി രണ്ടു മാസം തികച്ചും രാഷ്ട്രീയാധികാരം കൈവശംവെച്ചാനിടയാക്കിയ പാരീസ് കമ്മ്യൂണിൽ[3]നിന്നും ലഭിച്ചപ്രായോഗികാനുഭവങ്ങൾ—ഇതെല്ലാംവച്ചു നോക്കുമ്പോൾ ഈ പരിപാടി ചില വിശദാംശങ്ങളിൽ പഴഞ്ചനായിത്തീർന്നിട്ടുണ്ടു്. പാരീസ്കമ്മ്യൂൺ പ്രത്യേകിച്ചും തെളിയിച്ചതു് ഒരു സംഗതിയാണ്: ''മുമ്പുള്ളവർ തയ്യാർചെയ്തുവച്ചിട്ടുള്ള ഭരണയന്ത്രത്തെ വെറുതെയങ്ങു് കൈവശപ്പെടുത്തി സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ തൊഴിലാളിവർഗ്ഗത്തിനു സാദ്ധ്യമല്ല.'' (''ഫ്രാൻസിലെ ആഭ്യന്തരയുദ്ധം. ഇൻറർനാഷനൽ വർക്കിംഗ് മെൻസ് അസോസിയേഷന്റെ ജനറൽ കൗൺസിലിന്റെ ആഹ്വാനം'', ലണ്ടൻ, ട്രൂലവ്, 1871, പേജ് 15, എന്നതിൽ ഈ സംഗതി കൂടുതൽ വിശദീകരിച്ചിട്ടുണ്ടു്). ഇതിനും പുറമേ, സോഷ്യലിസ്റ്റ് സാഹിത്യത്തെപ്പററിയുള്ള നിരൂപണം, ഇന്നത്തെ സ്ഥിതി വച്ചുനോക്കുമ്പോൾ, അപൂർണ്ണമാണെന്നതു് സ്വയംസിദ്ധമാണ്. കാരണം, 1847 വരെയുള്ള നിരൂപണമേ അതിലുള്ളു. കൂടാതെ, കമ്മ്യൂണിസ്റ്റുകാരും വിവിധം പ്രതിപക്ഷപ്പാർട്ടികളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച പ്രസ്താവങ്ങൾ (നാലാം ഭാഗം) താത്വികമായി ഇന്നും ശരിയാണെങ്കിലും പ്രായോഗികമായി കാലഹരണപ്പെട്ടുപോയിരിക്കുന്നു. കാരണം, രാഷ്ട്രീയസ്ഥിതി ഇന്നു പാടേ മാറിയിരിക്കുന്നു മാത്രമല്ല, അതിൽ പറഞ്ഞിട്ടുള്ള രാഷ്ട്രീയപ്പാർട്ടികളിൽ അധികവും ചരിത്രത്തിന്റെ പുരോഗതിയിൽ ഭൂമുഖത്തുനിന്നും തെറിച്ചുപോയിരിക്കുന്നു.

ഇങ്ങനെയൊക്കെയാണെങ്കിൽക്കൂടി, ഈ മാനിഫെസ്റ്റോ ചരി



ത്രപ്രധാനമായ ഒരു രേഖയായിത്തീർന്നിട്ടുണ്ടു്. അതിനെ മാററാൻ ഞങ്ങൾക്കു് ഇനിമേൽ യാതൊരധികാരവും ഇല്ല. 1847 മുതൽ ഇന്നുവരെയുള്ള 'വിടവു് നികത്തിക്കൊണ്ടുള്ള മുഖവുരയോടുകൂടിയ ഒരു പതിപ്പു് ഒരു പക്ഷേ പിന്നീടു് പ്രസിദ്ധീകരിച്ചേക്കാം. ഈ പതിപ്പിൽ അതിനുള്ള സമയം ഞങ്ങൾക്കു ലഭിച്ചില്ല. അത്ര അപ്രതീക്ഷിതമായിരുന്നു അതു്.

ലണ്ടൻ, ജൂൺ 24, 1872

കാറൽ മാർക്സ്
ഫ്രെഡറിക്ക് എംഗൽസ്